ഉത്തരം

(എ) ICTT യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രി 17-9-2015-ൽ ഒരു യോഗം വിളിച്ചിരുന്നു.

(ബി) പ്രസ്തുത യോഗത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

(i) കൊച്ചി തുറമുഖത്തുനിന്നുമുള്ള കണ്ടെയ്നർ ടെയിലർ വാഹനങ്ങൾക്ക് e-transit പാസ് വാണിജ്യ നികുതി വകുപ്പ് വിതരണം ചെയ്യുന്നതാണ്.

(ii) ബാർകോഡ് സീലിംഗ് മെക്കാനിസം നിലവിൽ വരുത്തുന്നതാണ്.

(iii) ചെക്ക് പോസ്റ്റിൽ നിലവിലുള്ള അശാസ്ത്രീയമായ ചെക്കിംഗ് രീതി ഒഴിവാക്കാമെന്ന് എക്സൈസ് വകുപ്പ് ഉറപ്പ് നൽകുകയുണ്ടായി.

(iv) ചെക്ക് പോസ്റ്റ് വഴി കണ്ടെയ്നർ ടെയിലർ കടന്നുപോകുന്നതിന് പ്രസ്തുത നിർദ്ദേശങ്ങളുമായി ഗതാഗത വകുപ്പ് സഹകരിക്കാമെന്ന് സമ്മതിച്ചു.

(v) തമിഴ്നാട്ടിൽ നിലവിലുള്ള Trailers tax rate അനുസരിച്ച് നികുതി നിരക്ക് ഏകീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതായിരിക്കും എന്നും തീരുമാനിച്ചു. ഈ വിഷയം സംബന്ധിച്ച് ഗതാഗത വകുപ്പിൽനിന്നും തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) കേന്ദ്ര ഷിപ്പിംഗ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പ്രതിമാസ അവലോകന യോഗത്തിൽ തീരുമാനം ചർച്ച ചെയ്യുകയുണ്ടായി.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

**141 (3651)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ്;

(ബി) ഇപ്പോൾ ഈ പദ്ധതി ഏത് വ്യവസ്ഥയിൽ ആണ് ആരംഭിക്കുന്നത്; പൊതു-സ്വകാര്യപങ്കാളിത്തത്തിൽ ആണോ ഈ പദ്ധതി ആരംഭിക്കുന്നത്;

(സി) ഇതിന്റെ മുതൽ മുടക്കിന് സർക്കാരിന്റെ പങ്കാളിത്തം എത്ര ശതമാനമാണ്; പണിപൂർത്തിയാക്കുമ്പോൾ സർക്കാരിന് ലഭിക്കുന്ന വാർഷിക ലാഭം എത്രയാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വാർഷിക ലാഭത്തിന്റെ എത്ര ശതമാനമാണ് സർക്കാരിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1991-94 കാലഘട്ടത്തിലാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

(ബി) കേന്ദ്ര ആസൂത്രണ കമ്മിഷൻ പ്രസിദ്ധീകരിച്ച മാതൃകാ കൺസഷൻ കരാറിന് അനുസരിച്ച് പൊതു - സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് ഇപ്പോൾ ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്.

(സി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പു കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകേണ്ടതാണ്.

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9). ഇത് കരാർ തുകയായ 5,552 കോടി രൂപയുടെ 33.72 ശതമാനമാണ്.

സംസ്ഥാന സർക്കാർ നടത്തിപ്പു കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നൽകും.

സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി 1973 കോടി രൂപ ചെലവ് വഹിക്കും.

തുറമുഖ നടത്തിപ്പിന്റെ പതിനഞ്ചാം വർഷം മുതൽ (കരാറിന്റെ പത്തൊമ്പതാം വർഷം) സംസ്ഥാന സർക്കാരിന് തുറമുഖത്തിന്റെ നടത്തിപ്പിൽനിന്നുള്ള വരുമാനത്തിന്റെ വിഹിതം ലഭിച്ചുതുടങ്ങും. ഇരുപതാം വർഷം ഈ വിഹിതം ഒരു ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതം കൂടി കരാർ കാലാവധി പൂർത്തിയാകുന്ന നാൽപ്പതാം വർഷം ഇരുപത്തി ഒന്ന് ശതമാനം വരെ ഉയരും.

ഇറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡവലപ്മെന്റിന്റെ ആകെ വരുമാനത്തിന്റെ 10% ഇറമുഖ നടത്തിപ്പിന്റെ ഏഴാം വർഷം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

**വിഴിഞ്ഞം ഇറമുഖ പദ്ധതി**

**142 (3652)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം ഇറമുഖ പദ്ധതിയിൽ സർക്കാരിന്റെ പങ്കാളിത്തം വ്യക്തമാക്കുമോ; ആകെ അടങ്കൽ എത്രയാണെന്നും ഇതിൽ എത്ര തുകയാണ് സംസ്ഥാനം ചെലവിടുന്നത് എന്നും എത്ര സമയംകൊണ്ട് പദ്ധതി പൂർത്തീകരിക്കും എന്നും വിശദമാക്കുമോ?

ഉത്തരം

കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ ഇറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിന് നിലവിൽ കണക്കാക്കിയിട്ടുള്ള തുക 1973 കോടി രൂപയാണ്. ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള തുക കൂടി കണക്കിലെടുത്താൽ മൊത്തം പദ്ധതി ചെറവ് 7525 കോടി രൂപയാണ്.

പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പു കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകേണ്ടതാണ്.

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9).

സംസ്ഥാന സർക്കാർ നടത്തിപ്പു കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നൽകും. സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി 1973 കോടി രൂപ ചെലവ് വഹിക്കും.

LIBRARY ARCHIVES Kerala Legislative Assembly